## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4766** **14 .11.2019 ൽ മറുപടിക്ക്**

## ദേശീയപാതയിലെ വാഹനത്തിരക്ക്

| **ചോദ്യം**<br>**ശ്രീ.പി.ടി.എ. റഹീം** | | **മറുപടി**<br>**ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
|---|---|---|
| (എ) ദേശീയപാത 766-ൽ വാഹനത്തിരക്ക് ഒഴിവാക്കാൻ എന്തെങ്കിലും നടപടി വിഭാവനം ചെയ്യുന്നുണ്ടോ; | (എ) | ദേശീയപാത 766-ൽ വാഹനത്തിരക്ക് ഒഴിവാക്കുന്നതിനു വേണ്ടി പേവ്ഡ് ഷോൾഡറോടുകൂടി രണ്ടു വരി പാതയാക്കുന്ന പ്രവൃത്തിയുടെ പദ്ധതി രൂപരേഖ തയ്യാറാക്കുന്ന കൺസൾട്ടൻസി പ്രവൃത്തിയ്ക്ക് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിൽ നിന്നും അനുമതി ലഭിക്കുകയും ആയത് പുരോഗതിയിലുമാണ്. |
| (ബി) കുന്ദമംഗലം ടൗണിൽ ഫ്ലൈ ഓവർ നിർമ്മിക്കാൻ കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന് പദ്ധതികളുണ്ടോയെന്നറിയാമോ; | (ബി) | മേൽ പറഞ്ഞ പദ്ധതി രൂപരേഖ പൂർത്തീകരിച്ചാൽ മാത്രമേ കുന്ദമംഗലം ടൗണിൽ ഫ്ലൈ ഓവറിന്റെ ആവശ്യകത അറിയുവാൻ സാധിക്കുകയുള്ളൂ. |
| (സി) വയനാട് ചുരത്തിലെ ബുദ്ധിമുട്ട് ഒഴിവാക്കാൻ എന്തെല്ലാം പരിപാടികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (സി) | ദേശീയപാത 766 ചുരം ഉൾപ്പെടുന്ന പുതുപ്പാടി മുതൽ മുത്തങ്ങ വരെയുള്ള 45 കി.മീ പേവ്ഡ് ഷോൾഡറോടു കൂടിയ രണ്ടു വരിപ്പാതയായി IRC മാനദണ്ഡങ്ങൾ പ്രകാരം വികസിപ്പിക്കുവാനുള്ള വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കി വരുന്നു. ഇതിന്റെ അലൈൻമെന്റ് ഓപ്ഷൻ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന് സമർപ്പിച്ചിരിക്കുകയാണ്. ഈ രീതിയിൽ ഗതാഗതസാന്ദ്രതയ്ക്ക് അനുയോജ്യമായി വികസിക്കുമ്പോൾ വാഹനങ്ങൾക്ക് നിശ്ചിത വേഗത്തിൽ ചുരത്തിൽ കൂടി യാത്ര ചെയ്യാൻ സാധിക്കുന്നതാണ്. കൂടാതെ അടിവാരം മുതൽ ചുണ്ടേൽ വരെയുള്ള 21 കിലോ മീറ്ററിന്റെ ബലപ്പെടുത്തുന്ന പ്രവൃത്തികൾ ഈ വർഷത്തെ കേന്ദ്ര മന്ത്രാലയത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന് എസ്റ്റിമേറ്റ് സമർപ്പിച്ച് അംഗീകാരം നേടുന്ന മുറയ്ക്ക് പ്രവൃത്തി നടപ്പിലാക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**